(ബി) പ്രസ്തുത പദ്ധതി ഗവൺമെന്റിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) & (ബി) മാള നിയോജകമണ്ഡലത്തിലെ 308 ഹെക്ടർ പ്രദേശത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതി ആർ.ഐ.ഡി.എഫ്. XI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

**കുഴൂർ മണ്ഡലത്തിൽ ഹാച്ചറി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ**

279 [1263] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ കുഴൂർ പഞ്ചായത്തിൽ കുഴൂരിൽ പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഹാച്ചറി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായി ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) മാള നിയോജകമണ്ഡലത്തിലെ കുഴൂർ പഞ്ചായത്തിൽ കുഴൂരിൽ കെ.എസ്.പി.ഡി.സി. ഒരു ഹാച്ചറിയും ഫാമും നിർമ്മിക്കുവാൻ വേണ്ടിയുള്ള ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) & (സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായി ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കും.

**കൂത്താളി കൃഷി ഫാമിന്റെ വികസനം**

280 [1264] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താളി കൃഷി ഫാമിന്റെ വികസനത്തിനായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഫാമിന്റെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെന്നും, കാർഷിക വിളകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ഡി) നശിച്ചുകൊണ്ടിരിക്കുന്ന മാവ്, പ്ളാവ് എന്നിവ മുറിച്ചുമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഇതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ഇ) ഇത്തരം പ്രവർത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) മിസ്റ്റ് ചേംബർ, സൗരോർജ്ജ വേലി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഇവയുടെ നിർമ്മാണം, ഉദ്യാന നവീകരണം, ഫാം റോഡുകളുടെ പുനരുദ്ധാരണം, നഴ്സറി (കുരുമുളക്, തെങ്ങ്, പച്ചക്കറി) പന്തലുകളുടെ നിർമ്മാണം, ഗ്രീൻ ഹൗസ് നിർമ്മാണം, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ, അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ ക്വാർട്ടേഴ്സ് വൈദ്യുതീകരണം, സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കൽ, അലങ്കാരച്ചെടികളുടെ പുതിയ ഇനങ്ങൾ വാങ്ങൽ, വാനില കൃഷി, ജൈവ വാഴകൃഷി, തൊഴിലാളികളുടെ വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര ഇവയുടെ നിർമ്മാണം മുതലായവയാണ് ഫാമിന്റെ വികസനത്തിനായി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ.

(ബി) 100 ഏക്കർ.

(സി) ഇപ്പോൾ 90.375 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. തെങ്ങ്, കവുങ്ങ്, കശുമാവ്, മാവ്, കുരുമുളക്, വാഴ, പൈനാപ്പിൾ, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, കൊക്കൊ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് കാർഷിക വിളകൾ.

(ഡി) തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രത്യേകിച്ച് തടസ്സങ്ങൾ ഒന്നും തന്നെയില്ല.

(ഇ) ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

**തിരുവനന്തപുരം റബ്ബർ വർക്സ് നെടുമങ്ങാട് മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

281 [1268] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റബ്ബർ വർക്സ് സ്ഥിതിചെയ്യുന്ന പ്രദേശം അന്തർദേശീയ വിമാനത്താവള വികസനത്തിനായി കൈമാറിയിട്ടുണ്ടോ;

---

1265-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly